"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ചട്ടം 24 പ്രകാരം സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ച് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊൻമള വില്ലേജിലെ 7 കുടുംബങ്ങൾക്ക് അപേക്ഷാ സ്ഥലങ്ങളിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിലനിർത്തിക്കൊണ്ട്, ഇനം മാറ്റി 'തരിശ്ശാക്കി' പതിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.238/2026/RD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-
1. മലപ്പുറം ജില്ലാ കളക്ടറുടെ 30-01-2023-ലെ DCMPM/12967/2022-C2 നമ്പർ കത്ത്
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.12.2024, 06.02.2026 തീയതികളിലെ LR/1929/2023-LR(J5) നമ്പർ കത്തുകൾ

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊൻമള വില്ലേജിൽ കൈവശ ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ചുവടെ പറയുന്ന 7 കുടുംബങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | സർവ്വെ നമ്പർ | വിസ്തീർണ്ണം (ആർസ്) |
|---|---|---|---|
| 1 | ഇസ്മായിൽ & റഫീഖ, കടക്കാടൻ | 331/8 | 5.38 |
| 2 | മുജീബ് & നജ്മ, കടക്കാടൻ | 331/8 | 5.38 |
| 3 | റഫീഖ് & ദിൽഷ | 331/8 | 3.04 |
| 4 | അഷ്റഫ് & ഷീജ | 331/8 | 6.02 |
| 5 | ജമീല കടക്കാടൻ | 331/8 | 3.36 |
| 6 | മുനീർ & സലീന | 331/8 | 3.04 |
| 7 | മൊയ്തീൻ & നബീസ | 332/10 | 5.8 |

2. കൈവശഭൂമി ബി.റ്റി.ആർ-ൽ "നി. കെ. സർക്കാർ പാറ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, പ്രസ്തുത 7 കുടുംബങ്ങളിൽ 5 കുടുംബങ്ങൾ വർഷങ്ങളായി അപേക്ഷാ ഭൂമിയിൽ വീടുവച്ച് താമസിച്ചു വരുന്നതും അവശേഷിയ്ക്കുന്ന 2 കൈവശക്കാർ നിലവിൽ വീട് വച്ചിട്ടില്ലാത്തതുമാണെന്നും പ്രസ്തുത സ്ഥലത്തിനു സമീപത്തായി നിരവധി വീടുകൾ, പൊതു റോഡ് എന്നിവ സ്ഥിതി ചെയ്യുന്നുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11(2) (viii) പ്രകാരം ധാതുക്കൾ അടങ്ങിയ ഭൂമി

പതിച്ചു കൊടുക്കുവാൻ സാധിയ്ക്കുകയില്ല. അപേക്ഷാ സ്ഥലത്തെ ധാതു ചെങ്കല്ലാണെന്നും അപേക്ഷാ ഭൂമികൾക്ക് ചുറ്റും നിരവധി വീടുകളും പൊതുറോഡും സ്ഥിതി ചെയ്യുന്നതിനാൽ പ്രസ്തുത സ്ഥലം ഖനനത്തിന് അനുയോജ്യമല്ലെന്നും, ആയതിനാൽ ടി സ്ഥലത്തെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിലനിർത്തിക്കൊണ്ട് പട്ടയം അനുവദിക്കുന്നതിന് ആക്ഷേപമില്ല എന്നും ജിയോളജിസ്റ്റ് അഭിപ്രായപ്പെട്ടിരുന്നു.

4. പൊൻമള വില്ലേജിൽ പാറപ്പുറമ്പോക്കിൽ ഉൾപ്പെട്ട 7 കുടുംബങ്ങളിൽ 6 അപേക്ഷകരുടെ പിതാക്കൻമാർ 60 വർഷത്തോളമായി കൈവശം വെച്ചുവരുന്ന ഭൂമിയാണെന്നും ഒരു കുടുംബം 45 വർഷമായി ടി ഭൂമി കൈവശം വെച്ച് വരുന്നുവെന്നും പ്രസ്തുത കുടുംബങ്ങൾ കൂലി വേല ചെയ്ത് ജീവിക്കുന്നവരാണെന്നും ടിയാളുകളുടെ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയാണെന്നും ടി കുടുംബങ്ങൾക്ക് കമ്പോള വിലയ്ക്ക് ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷിയില്ലെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷാ ഭൂമി ഖനനത്തിന് അനുയോജ്യമല്ല എന്ന ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെയും ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവരുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ചട്ടം 24 പ്രകാരം സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊൻമള വില്ലേജിലെ സർവ്വെ നം.331/8, 332/10 -ൽപ്പെട്ട മേൽപ്പറഞ്ഞ 7 കുടുംബങ്ങൾക്ക്, അപേക്ഷാ സ്ഥലങ്ങളിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിലനിർത്തിക്കൊണ്ട്, പാറ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ പാറ ഇല്ലാത്ത വീട് നിൽക്കുന്ന ഭൂമി അളന്നു തിരിച്ച്, ഇനം മാറ്റം നടത്തി 'തരിശ്ശാക്കി' മാറ്റുന്നതിനും ഓരോരുത്തരുടെയും അർഹത പരിശോധിച്ച് ഭൂമി പതിച്ചു നല്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

പൊതുഭരണ (എസ്.സി) വകുപ്പ് (05.08.2026-ലെ ഇനം നം. 132)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (REV-L1/17/2025-REV)

ഉത്തരവിൻ പ്രകാരം

Digitally signed by
Praneesh M P
Date: 07-08-2026
11:24:36

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എക്ക്